"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പ്ലാൻ ഫണ്ട് 2021-22 -''ഗോത്ര തീരദേശ വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടേയും ആശുപത്രികളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ" എന്ന സ്കീം - കരുളായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസി കെട്ടിട നിർമ്മാണം - പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള തുകയിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ നടത്തുന്നതിന് - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2108/2026/H&FWD തീയതി,തിരുവനന്തപുരം, 24-06-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2087/2021/ആ.കു.വ. തീയതി 25.09.2021
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.10.2021 തീയതിയിലെ പി.എൽ.ബി.3/76576/2021/ആ.വ.ഡ. നമ്പർ നടപടിക്രമം
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.03.2026 തീയതിയിലെ പി.എൽ.ബി.3-17450/2024/ആവഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1)ലെ ഉത്തരവ് പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്ലാൻ പദ്ധതിയിലെ ''ഗോത്ര തീരദേശ വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടേയും ആശുപത്രികളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ" എന്ന സ്കീമിൽ ഉൾപ്പെടുത്തി '2210-03-110-93(പ്ലാൻ)' ശീർഷകത്തിനു കീഴിൽ ആകെ ₹601 ലക്ഷം രൂപ കോസ്റ്റൽ ട്രൈബൽ ഏരിയയിലുള്ള 8 സ്ഥാപനങ്ങളുടെ വികസനത്തിനായി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് പുറപ്പെടുവിച്ച പരാമർശം (2)ലെ നടപടിക്രമം പ്രകാരം മലപ്പുറം ജില്ലയിലെ കരുളായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസി കെട്ടിട നിർമ്മാണത്തിനായി ₹36,50,000/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ഉപയോഗിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ₹36,50,000/- രൂപയിൽ ₹8,31,601/- രൂപ ബാക്കിയുള്ളതായും, പ്രസ്തുത തുക ഉപയോഗിച്ച് കെട്ടിടത്തിന് ആവശ്യമായ ഫിനിഷിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനായി ധനാനുമതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളതായി പരാമർശം 3 കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയും പ്രസ്തുത വിഷയം പരിഗണിക്കാൻ സർക്കാരിൽ അഭ്യർത്ഥിക്കുകയുമുണ്ടായി.

2. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കരുളായി കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC) ഫാർമസി കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, വാതിലുകളുടെയും

ജനലുകളുടെയും പണി, പ്രൈമർ അടിക്കൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ഫ്ലോറിംഗ് (Tiles with epoxy grout), റാംപിനായുള്ള ചെക്കേർഡ് ടൈലുകൾ (Chequered tiles for ramp), പെയിന്റിംഗ് ജോലികൾ, ഫാർമസി കൗണ്ടർ നിർമ്മാണം, റാമ്പിനായുള്ള സ്റ്റെയർ കൈവരികളുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ പണികൾ എന്നിവയാണ് പ്രസ്തുത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ജോലികൾ.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്ലാൻ പദ്ധതിയിലെ ''ഗോത്ര തീരദേശ വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടേയും ആശുപത്രികളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന സ്കീമിൽ ഉൾപ്പെടുത്തി 2210-03-110-93(പ്ലാൻ) ശീർഷകത്തിനു കീഴിൽ, പരാമർശം (1) ഉത്തരവ് പ്രകാരം ₹36,50,000/- രൂപയുടെ ഭരണാനുമതി നൽകിയ 'കരുളായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസി കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള തുകയിൽ ബാക്കിയുള്ള **₹8,31,601/- രൂപ (എട്ടു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അറുനൂറ്റിയൊന്ന് രൂപ)** ഉപയോഗിച്ച് **കരുളായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസി കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ** നടത്തുന്നതിനായി ഭരണാനുമതി തുകയ്ക്കുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തണമെന്ന നിബന്ധനക്ക് വിധേയമായി **ഭരണാനുമതി** നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപാ സുരേന്ദ്രൻ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.3511017/എച്ച്.എൽ.റ്റി.-എ1/104/2026-ധന തീയതി 03.06.2026 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/79/2026-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Gayathri G
Date: 25-06-2026 10:48:15
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.